**മലയാളിക്ക് ലളിതസംഗീതത്തിലെ വിശാലമായ ഒരു ലോകത്തെ തുറന്നുകൊടുത്ത എം.ജി. രാധാകൃഷ്ണൻ കാലത്തിനൊപ്പം നടക്കുകയായിരുന്നില്ല. മറിച്ച് സ്വപ്രതിഭാവിലാസത്താൽ പുതിയൊരു കാലത്തെ തന്നെ സൃഷ്ടിക്കുകയായിരുന്നു. ഇതാകട്ടെ മലയാളത്തിലെ ജനപ്രിയ സംഗീതത്തിലെ ഏറ്റവും ഹൃദ്യമായ കാലമായിരുന്നുവെന്ന് ലേഖകൻ.**



▲ ഉദയഭാനുവിനോടൊപ്പം എം.ജി. രാധാകൃഷ്ണൻ

# മഴവില്ലിൻ മാണിക്യവീണ



**ത**മ്പാനൂർ റെയിൽവെസ്റ്റേഷൻ പരിസരത്തെ ഇരമ്പുന്ന ജനസാഗരത്തിലേക്ക് എങ്ങുനിന്നോ മനോജ്ഞമായ ഒരീണം 'വന്നുവീണ' കഥ എം.ജി. രാധാകൃഷ്ണൻ വിവരിച്ചുകേട്ടത് കഴിഞ്ഞ ദിവസമാണ്. മൂന്നു പതിറ്റാണ്ടിലേറെ പഴക്കമുണ്ട് ആ കഥയ്ക്ക്.

തമ്പാനൂരിലെ ശ്വാസം മുട്ടിക്കുന്ന തിരക്കിലൂടെ, കാതടപ്പിക്കുന്ന ശബ്ദഘോഷത്തിലൂടെ കാവാലം നാരായണപ്പണിക്കരോടൊപ്പം നടന്നു നീങ്ങുകയാണ് രാധാകൃഷ്ണൻ. കളിയും കാര്യവും കവിതയും പാട്ടും ഇടകലർന്ന പതിവു സായാഹ്നയാത്ര. ഇടയ്ക്കെപ്പോഴോ കാവാലം പെട്ടെന്ന് മനസ്സിൽ തോന്നിയ ഒരു ഈരടി മൂളുന്നു; പ്രകൃതിയുടെ സംഗീതം അനുപദം തുളുമ്പുന്ന ഒരു പല്ലവി.

വരികൾ കേൾക്കേണ്ട താമസം രാധാകൃഷ്ണനിലെ സംഗീത സംവിധായകൻ ഉണരുകയായി. ചുറ്റുമുള്ള ജനത്തിരക്കും ശബ്ദബാഹുല്യവുമെല്ലാം അതോടെ രാധാകൃഷ്ണനെ സംബന്ധിച്ച് അപ്രസക്തമാകുന്നു. വിശുദ്ധമായ ഒരു ഏകാന്ത ധ്യാനത്തിലേക്ക് ഉൾവലിഞ്ഞ് മനസ്സുകൊണ്ട് ആ പല്ലവി ചിട്ടപ്പെടുത്തവേ, രാധാകൃഷ്ണനൊരു സംശയം: ഘനം എന്ന വാക്കുവെച്ച് പാട്ടുതുടങ്ങിയാൽ ഏശുമോ? അത്ര സംഗീതാത്മകമാണോ ആ വാക്ക്?

കാവാലം ചിരിച്ചു. ''തീർച്ചയായും ഏശും. ഈണമിടുന്നത് രാധാകൃഷ്ണനല്ലേ?'' റെയിൽവേ ടൈം ടേബിൾ എടുത്തു കൈയിൽ കൊടുത്താൽ പോലും നിമിഷങ്ങൾക്കുള്ളിൽ അതു മനോഹരമായി ട്യൂൺ ചെയ്തുതരാനുള്ള പ്രതിഭയും ചങ്കൂറ്റവുമുള്ള രാധാകൃഷ്ണന് ഏതു ഘനശബ്ദത്തേയും സംഗീത സ്പർശത്താൽ മൃദുവാക്കി മാറ്റിയെടുക്കാനാവുമെന്ന് മറ്റാരേക്കാൾ നന്നായി അറിയാമായിരുന്നു കാവാലത്തിന്.

പിന്നെ രാധാകൃഷ്ണൻ സംശയിച്ചുനിന്നില്ല. വാക്കുകളുടെ അർഥഗാംഭീര്യത്തെ തെല്ലും നോവിക്കാതെ, പ്രശാന്തസുന്ദരമായ ഒരു ഈണം മെനഞ്ഞെടുത്ത് നടക്കുന്നതിനിടെതന്നെ കവിയെ പാടിക്കേൾപ്പിക്കുന്നു അദ്ദേഹം. കാവാലത്തിന് അളവറ്റ സന്തോഷം. ''മനോഹരമായിരിക്കുന്നു. ഇതിലും ഭംഗിയായി ആ വരികൾ ചിട്ടപ്പെടുത്താനാവില്ല. ബാക്കിയുള്ള ഭാഗം ഞാൻ വിളിച്ചു പറയാം - ഫോണിൽ.''

യേശുദാസിൻെറ ഗന്ധർവശബ്ദത്തിൽ പിന്നീട് ആകാശവാണിക്കുവേണ്ടി ആലേഖനം ചെയ്യപ്പെടുകയും അനശ്വരതയാർജിക്കുകയും ചെയ്ത ആ ലളിതഗാനത്തിൻെറ തുടക്കം ഇങ്ങനെയായിരുന്നു:

ഘനശ്യാമസന്ധ്യാ ഹൃദയം
നിറയേ മുഴങ്ങീ
മഴവില്ലിൻ മാണിക്യവീണ
നീരാഞ്ജന സമരുചിരം
നിരവദ്യമീ നടനവിലാസം
പകലുമിരവും പകരും
പദചലന ലയമേളം....

ജനപ്രീതിയിൽ ഒരുകാലത്ത് ചലച്ചിത്രഗാനങ്ങളെപ്പോലും നിഷ്പ്രഭമാക്കിയ ഗാനം. പിന്നീട് എത്രയെത്ര യുവജനോത്സവ വേദികളിൽ നാം ഈ ഈരടികൾ കേട്ടു! എത്രയോ സംഗീതാസ്വാദകരുടെ ശൈശ



▲ എം.ജി. രാധാകൃഷ്ണൻ ഭാര്യ പദ്മജയ്ക്കൊപ്പം

**എൻെറ ഭാര്യ പത്മജ അസുഖം ബാധിച്ച് ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. എനിക്കാണെങ്കിൽ 24 മണിക്കൂറിനകം യേശുദാസ് പാടി റെക്കോഡ് ചെയ്യേണ്ട ഒരു ഗാനം കംപോസ് ചെയ്യേപറ്റൂ. ഭാര്യയെ ആശുപത്രിയിൽ ചെന്നു കണ്ടു തിരികെ കാർ ഡ്രൈവ് ചെയ്തുവരുമ്പോൾ മനസ്സുനിറയെ വേവലാതിയായിരുന്നു - പത്മജയുടെ സ്ഥിതിയോർത്ത്. ആ മാനസികാവസ്ഥയിൽ, സ്റ്റിയറിങ്ങിൽ താളം പിടിച്ച് മനോഹരമായ ഒരു പ്രണയഗാനത്തിൻെറ പല്ലവി ചിട്ടപ്പെടുത്തുന്നത് ഒന്നോർത്തുനോക്കൂ.**

▶ വ- കൗമാര സ്മരണകളിൽ ഇന്നും പീലിവിടർത്തി നിൽക്കുന്നുണ്ടാവും ആ ഗാനം.

അത്ഭുതം തോന്നാം, മലയാളത്തിലെ എക്കാലത്തേയും ഹിറ്റായ ഒരു ലളിതഗാനത്തിൻെറ പിറവിയുടെ കഥ ഇത്രയും 'ലളിത'മായിരുന്നോ എന്ന്. ''ഞങ്ങൾ ചേർന്നുണ്ടാക്കിയ മിക്ക ഗാനങ്ങളുടെയും സൃഷ്ടി ഇങ്ങനെയൊക്കെത്തന്നെയായിരുന്നു.'' കാവാലം പറയുന്നു. പലപ്പോഴും പല്ലവിയുടെ പ്ലാൻ എൻേറതാവും. ചരണത്തിൻേറത് രാധാകൃഷ്ണൻേറതും. തിരിച്ചും ആവാം. നിനച്ചിരിക്കാതെ, പെട്ടെന്നാണ് പല ഗാനങ്ങളും രൂപംകൊണ്ടിട്ടുള്ളത്. ചിലപ്പോൾ വരികൾ ഞാൻ ഫോണിൽ ചൊല്ലിക്കൊടുക്കും. ഒരു തവണ കേട്ടാൽ മതി, രാധാകൃഷ്ണൻെറ മനസ്സിൽ അനുയോജ്യമായ ഈണം പിറന്നുകഴിഞ്ഞിരിക്കും. ഈ മനപ്പൊരുത്തം തന്നെയാകാം ഞങ്ങളുടെ ഗാനങ്ങൾ നിങ്ങളൊക്കെ ഇന്നും ഓർത്തിരിക്കുന്നതിൻെറ രഹസ്യം.

''മറ്റൊന്നുകൂടിയുണ്ട്. മറക്കാനാവാത്ത, ഓർക്കുമ്പോൾ ഇന്നും ആവേശം തോന്നുന്ന ഒരു കൂട്ടായ്മയുടെ അന്തരീക്ഷം ഈ ഗാനങ്ങളുടെ സൃഷ്ടിക്കു പിന്നിൽ എന്നുമുണ്ടായിരുന്നു.'' രാധാകൃഷ്ണൻ കൂട്ടിച്ചേർക്കുന്നു. ''കാവാലവും നെടുമുടിവേണുവും ഭരത് ഗോപിയുമെല്ലാം ആ കൂട്ടായ്മയുടെ ഭാഗമായിരുന്നു. സ്നേഹത്തിൻെറയും സംഗീതത്തിൻെറയും ഈ ആഘോഷത്തിൽ നിന്നാണ് എൻെറ ഈണങ്ങൾ പലതും പിറന്നുവീണത്. ആ കാലം, ആ അന്തരീക്ഷം... അതിനി തിരിച്ചുവരില്ലല്ലോ...'' ഒരു നിമിഷം രാധാകൃഷ്ണൻ മൗനിയാകുന്നു.

എത്രയെത്ര ഭാവഗീതങ്ങളാണ് കാവാലവും എം.ജി. രാധാകൃഷ്ണനും ചേർന്ന് നമുക്ക് സമ്മാനിച്ചിട്ടുള്ളതെന്നോർക്കുക. ഓടക്കുഴൽ വിളി ഒഴുകിയൊഴുകിവരും, ഘനശ്യാമസന്ധ്യാ ഹൃദയം, കുറ്റാലം കുറവഞ്ചി, മുത്തുകൊണ്ടെൻെറ മുറം നിറഞ്ഞു, ശ്രീഗണപതിയുടെ, പൂമുണ്ടും തോളത്തിട്ട് തുടങ്ങിയ ലളിതഗാനങ്ങൾ, ഓർമകൾ, ഓർമകൾ (രണ്ടുജന്മം), മുക്കുറ്റി തിരുതാളി (ആരവം), കാനനപ്പെണ്ണ് ചെമ്പരത്തി (തമ്പ്), ചെമ്പഴുക്ക, ഹരിചന്ദന (കണ്ണെഴുതിപൊട്ടും തൊട്ട്), പ്രേമയമുനാ (പൂരം) തുടങ്ങിയ ചലച്ചിത്രഗാനങ്ങൾ. സിനിമാസംഗീതത്തിൽ വയലാർ-ദേവരാജൻമാരും പി. ഭാസ്കരൻ-ബാബുരാജ്മാരും, ശ്രീകുമാരൻ തമ്പി-അർജുനൻമാരും ഒ.എൻ.വി.-എം.ബി. ശ്രീനിവാസൻമാരുമെന്ന പോലെ ലളിതസംഗീതത്തിന് നൽകിയ വിലപ്പെട്ട സംഭാവനകളുടെ പേരിൽ ഗൗരവപൂർവം വിലയിരുത്തപ്പെടേണ്ട സഖ്യമാണ് കാവാലവും രാധാകൃഷ്ണനും. മലയാളികളുടെ ലളിതസംഗീതാസ്വാദന സംസ്കാരം രൂപപ്പെടുത്തിയതിൽ ഇരുവരും വഹിച്ച പങ്ക് നിർഭാഗ്യവശാൽ പലരുടെയും കണ്ണിൽപെടാതെ പോയി എന്നു മാത്രം. രവീന്ദ്രൻെറയും ജോൺസൻെറയും പ്രതിഭാവിലാസത്തിന് ലഭിച്ച അംഗീകാരവും ആദരവും എം.ജി. രാധാകൃഷ്ണൻ എന്ന സംഗീതസംവിധായകന് ലഭിച്ചിട്ടുണ്ടോ എന്ന് സംശയം. ആ കാലത്തിൻെറ തന്നെ മറ്റൊരു അപൂർവ സുന്ദര ധാരയായിരുന്നല്ലോ രാധാകൃഷ്ണ സംഗീതവും

'കഠിന' സംഗീതത്തിൻെറ ഈ സുവർണകാലത്ത് ലളിതസംഗീതം എന്ന പ്രയോഗം തന്നെ അപ്രസക്തമായി വരുന്നു. ചലച്ചിത്രേതര സംഗീതത്തിന് ആൽബം സംഗീതമെന്നാണ് പുതിയ വിശേഷണം. അപൂർവമായി മികച്ച, ജനപ്രിയ ഗാനങ്ങൾ ഉണ്ടാവുന്നുണ്ടെങ്കിലും മലയാളത്തിലെ (വീഡിയോ) ആൽബം സംഗീതം രചനയിലും ഈണത്തിലും ആലാപനത്തിലും ഇനിയും പ്രൊഫഷണലിസം കൈവരിച്ചിട്ടില്ല. തട്ടിക്കൂട്ടുഗാനങ്ങളാണേറെയും. ഇവിടെയാണ് എം.ജി. രാധാകൃഷ്ണൻ സൃഷ്ടിച്ച ചലച്ചിത്രേതര ഗാനങ്ങളുടെ പ്രസക്തി. ഉപകരണങ്ങളുടെ ആർഭാടമില്ലാതെ കമ്പ്യൂട്ടറിൻെറ സിന്തറ്റിക് ചുവയില്ലാതെ, ഒരു മൗനസംഗീതം പോലെ നമ്മിൽ വന്നു നിറഞ്ഞിരുന്നു. ആ ഗാനങ്ങൾ: ''ഓടക്കുഴൽ വിളി ഒഴുകിയൊഴുകി വരും ഒരു ദ്വാപരയുഗസന്ധ്യയിൽ'' ഓർക്കുക.

## ഓടക്കുഴൽ നാദം

ഒരു തലമുറയുടെ കൗമാരസങ്കല്പങ്ങളുടെ ഭാഗമായിരുന്ന ആ ഗാനം ആകാശവാണിക്കുവേണ്ടി എറണാകുളത്ത് ക്ഷണിക്കപ്പെട്ട സദസ്സിനു മുൻപാകെ അവതരിപ്പിക്കുമ്പോൾ ഗായിക സുജാതയ്ക്ക് (അന്ന് ബേബി സുജാത) പ്രായം വെറും പതിനൊന്നു വയസ്സ്. വിടർന്ന കണ്ണുകളിൽ തെല്ലൊരു അമ്പരപ്പുമായി മൈക്കിലേക്ക് എത്തിവലിഞ്ഞുപാടിയ ഫ്രോക്കുകാരി പെൺകുട്ടിയുടെ മങ്ങിയ ചിത്രം സുജാതയുടെ ഓർമകളിൽ ഇന്നുമുണ്ട്. ''എൻെറ സംഗീത ജീവിതത്തിലെ ആദ്യത്തെ സൂപ്പർ ഹിറ്റ് ഗാനമായിരുന്നല്ലോ അത്. എങ്ങനെ മറക്കാനാവും?'' സുജാത ചിരിക്കുന്നു.

''കലാഭവനിൽ വെച്ച് നടന്ന റിഹേഴ്സലിൻെറ നേരിയ ഓർമയേയുള്ളൂ. ആ പാട്ട് എന്നെ പാടിപ്പഠിപ്പിക്കാൻ രാധാകൃഷ്ണൻ ചേട്ടൻ ഒരുപാട് ബുദ്ധിമുട്ടിക്കാണണം. ചരണത്തിലെ ലജ്ജാവിവശേ എന്ന ഭാഗം, അനുയോജ്യമായ ഭാവം ലഭിക്കാൻ വേണ്ടി അദ്ദേഹം ആവർത്തിച്ചു പാടിത്തന്നത് ഓർമയുണ്ട്. റേഡിയോയിൽ അക്കാലത്ത് ആ പാട്ടുകേട്ട പലരും എന്നെ മുതിർന്ന ഒരു പാട്ടുകാരിയായി തെറ്റിദ്ധരിച്ചു എന്നത് സത്യമാണ്.

എങ്കിലും സംഗീതസംവിധായകൻെറ പ്രതീക്ഷയ്ക്കൊത്തുയർന്ന് ആ ഗാനം പൂർണമായും പിഴവറ്റതാക്കാൻ തനിക്കു കഴിഞ്ഞിട്ടില്ലെന്നുതന്നെ സുജാത വിശ്വസിക്കുന്നു. ''പല്ലവിയിലെ ആടിയ ദിവ്യാനുരാ

ഗിലമാം രാസക്രീഡാ കഥയിലെ നായികേ'' എന്ന ഭാഗത്ത് രാസക്രീഡാ എന്ന പദം രണ്ടു കഷണമായി മുറിച്ചു പാടിയതിന്റെ അനൗചിത്യം വർഷങ്ങൾക്കുശേഷം ആ പാട്ട് വീണ്ടും കേട്ടപ്പോഴാണ് തിരിച്ചറിഞ്ഞത്. എന്നാൽ, പിഴവുകളെല്ലാം മറന്ന് ആ ഗാനം മലയാളികൾ ഹൃദയപൂർവം സ്വീകരിച്ചു എന്നറിയുന്നതിൽ ആഹ്ലാദമുണ്ട്. ''എത്രയോകാലം എന്റെ ഗാനമേളകൾ ഞാൻ തുടങ്ങിയിരുന്നത് ആ ഗാനം പാടിക്കൊണ്ടാണ്. ഇന്നും അതിന് ആവശ്യക്കാരുണ്ട്.''

ഓടക്കുഴൽ സുജാതയുടെ സംഗീത ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു. ''ആ ഒരൊറ്റ പാട്ടിന്റെ പേരിൽ എനിക്ക് ആകാശവാണി നേരിട്ട് ബി വൺ ഗ്രേഡിലേക്ക് സ്ഥാനക്കയറ്റം നൽകി. അന്നത്തെ എന്റെ പ്രായത്തിൽ അതൊരു അപൂർവതയായിരുന്നു.'' ഏറെക്കഴിയും മുൻപ് ടൂറിസ്റ്റ് ബംഗ്ലാവിലൂടെ സുജാത സിനിമയിലുമെത്തി. സുദീർഘമായ ഒരു 'ഇന്നിങ്സി'ന്റെ തുടക്കം.

ഓടക്കുഴലിന്റെ ജനപ്രീതിക്കു പിന്നിൽ രാധാകൃഷ്ണസംഗീതത്തിനും സുജാതയുടെ ആലാപനത്തിനുമെന്നപോലെ കാവാലത്തിന്റെ രചനയ്ക്കുമുണ്ട് നല്ലൊരു പങ്ക്. ''പല്ലവിയിൽ, ആടിയ ദിവ്യാനുരാഗിലമാം എന്നൊരു വരിയുണ്ട്. സത്യത്തിൽ അനുരാഗിലം എന്നൊരു പ്രയോഗം മലയാളത്തിലില്ല. അതെന്റെ സ്വന്തം സൃഷ്ടിയായിരുന്നു. അനുരാഗമുള്ളത് എന്ന അർഥത്തിലാണ് ഞാനതു പ്രയോഗിച്ചത്. ഈണത്തിന്റെ സൗന്ദര്യം കൊണ്ടുകൂടിയാകാം അന്ന് ആ വാക്കിന്റെ സാംഗത്യത്തെക്കുറിച്ച് ആരും സംശയിച്ചുകേട്ടതുമില്ല. വർഷങ്ങൾക്കു ശേഷം ഒരിക്കൽ, ഡി.ജി.പി. ആയിരുന്ന കൃഷ്ണൻ നായരുടെ ഒരു ഫോൺകോൾ: അനുരാഗിലം എന്നൊരു പദമുണ്ടോ എന്നായിരുന്നു അദ്ദേഹത്തിനറിയേണ്ടത്. ഏതോ മത്സരത്തിൽ മകൾക്ക് പാടാൻ വേണ്ടി അദ്ദേഹം തിരഞ്ഞെടുത്ത ഗാനമായിരുന്നു ഓടക്കുഴൽ വിളി. ആ വാക്ക് എന്റെ സംഭാവനയാണെന്നറിഞ്ഞപ്പോൾ കൃഷ്ണൻ നായർ പൊട്ടിച്ചിരിച്ചു. കാവാലം ഓർക്കുന്നു. ''അതേ പദം പുതിയ തലമുറയിലെ ഒരു ഗാനരചയിതാവ് കുറച്ചുകാലം മുൻപ് പ്രയോഗിച്ചു കേട്ടപ്പോൾ ഞാൻ മനസ്സിൽ പറഞ്ഞുപോയി – ഈ വാക്കിന്റെ കോപ്പിറൈറ്റ് എനിക്കാണല്ലോ എന്ന്.''

സുജാതയുടെ സ്വരത്തിൽ ഓടക്കുഴൽ നാദമൊഴുക്കിയ അതേ ആകാശവാണി വേദിയിൽനിന്ന് മറ്റൊരു ലളിതഗാനംകൂടി സദസ്സ് കേട്ടു. ''ജയദേവ കവിയുടെ ഗീതികൾ കേട്ടെന്റെ രാധേ ഉറക്കമായോ....'' ജയചന്ദ്രൻ പാടിയ ഈ ഗാനത്തിന്റെ ഈണവും എം.ജി. രാധാകൃഷ്ണന്റേതായിരുന്നു. രചന പൂവച്ചൽ ഖാദറിന്റെയും. ''എന്റെ ഏറ്റവും പ്രിയപ്പെട്ട ലളിതഗാനമാണത്. ഗാനമേളകളിൽ പതിവായി ഞാനതു പാടിയിരുന്ന കാലമുണ്ടായിരുന്നു'' -ജയചന്ദ്രൻ പറയുന്നു. ''തികച്ചും ലളിതമെങ്കിലും ശ്രോതാവിന്റെ ഹൃദയത്തെ തൊടുന്ന എന്തോ ഉണ്ട് ആ ഗാനത്തിൽ.''

ഗാനത്തിന്റെ ആത്മാവിനെ ഈണംകൊണ്ടു സ്പർശിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ, രാധാകൃഷ്ണൻ. ''സർക്കാരുദ്യോഗത്തിന്റെ നിയന്ത്രണങ്ങൾക്കുള്ളിൽ നിന്നുകൊണ്ടു തന്നെയാണ് ഞങ്ങളെല്ലാം ഗാനസൃഷ്ടി നടത്തിയത്. തികച്ചും ഔദ്യോഗികമെങ്കിലും അന്ന് അതിലൊരു ത്രിൽ ഉണ്ടായിരുന്നു. ഉണ്ടാക്കുന്ന ഗാനങ്ങൾ സാധാരണക്കാർക്കിടയിൽ എത്തുന്നു എന്നതായിരുന്നു പ്രധാനം. ഇന്നത്തെപ്പോലെ ടി.വി. പ്രചാരത്തിൽ വന്നിട്ടില്ല. റേഡിയോ ആയിരുന്നു സ്വീകരണമുറിയിലെ രാജാവ്. മാത്രമല്ല, ഗാനങ്ങൾ കേൾക്കാനുള്ളവയായിരുന്നു; കാണാനല്ല. ഇതിനെല്ലാം പുറമെ പുതിയ തലമുറയെ പാട്ടു പഠിപ്പിക്കാൻ ലളിതസംഗീതപാഠം എന്നൊരു പ്രത്യേക പരിപാടിതന്നെ ഉണ്ടായിരുന്നു. ഈ പരിപാടിക്കായി ശ്രോതാക്കൾ അക്ഷമയോടെ കാത്തിരിക്കുകയും ചെയ്തിരുന്നു.''

ലളിതഗാനം ആ വിശേഷണത്തോട് നീതിപുലർത്തണമെന്ന കാര്യത്തിൽ എന്നും നിർബന്ധംപിടിച്ച സംഗീത സംവിധായകനാണ് രാധാകൃഷ്ണൻ. ''അമിതമായ പെർഫക്ഷൻ ഒഴിവാക്കാറുണ്ട്. ഓർക്കസ്ട്രേഷനിൽ ആർഭാടം തെല്ലുമുണ്ടാവില്ല. ലളിതഗാനത്തിൽ വരികളെ സംഗീതം പിന്തുടരുകയാണു വേണ്ടതെന്ന് ഞാൻ വിശ്വസിക്കുന്നു. മറിച്ചല്ല. പിന്നെ, ഓരോ ഗായകന്റെയും കഴിവുകളും പരിമിതികളും മനസ്സിലാക്കി അനുയോജ്യമായ ഈണങ്ങൾ ഒരുക്കാൻ ശ്രദ്ധിക്കാറുണ്ട്.'' ശരറാന്തൽ വെളിച്ചത്തിൽ ശയനമുറിയിൽ എന്ന ഗാനം (രചന ബിച്ചു തിരുമല) കമുകറ പുരുഷോത്തമനും അഷ്ടപദീലയം തുള്ളിത്തുളുമ്പുന്ന എന്ന ഗാനം (രചന കളർകോട് ചന്ദ്രൻ) പട്ടണക്കാട് പുരുഷോത്തമനുമല്ല പാടിയിരുന്നതെങ്കിൽ ഇത്രയേറെ ശ്രദ്ധിക്കപ്പെടുമായിരുന്നോ എന്നു നാം ചിന്തിച്ചുപോകുന്നതും അതുകൊണ്ടുതന്നെ.

## സംഗീത പാരമ്പര്യം

രാധാകൃഷ്ണന്റെ സംഗീതപ്രതിഭയുടെ ഉറവിടം തേടിച്ചെന്നാൽ നാം എത്തുക പിതാവ് മലബാർ ഗോപാലൻ നായരിലാണ്. ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രശസ്തനായ ഹാർമോണിസ്റ്റും ശാസ്ത്രീയ സംഗീതജ്ഞനുമായിരുന്നു ഒരുകാലത്ത് ഗോപാലൻ നായർ. ഗോപാലൻ നായരെ ഒഴിച്ചുനിർത്തി മലയാളിക്ക് ഒരു ശാസ്ത്രീയസംഗീത ചരിത്രമില്ല. ''അച്ഛനും വൈക്കം വാസുദേവൻ നായരും സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതരുമാണ് കർണാടക സംഗീതത്തിന് നമ്മുടെ നാട്ടിൽ ആദ്യകാലത്ത് ജനസമ്മതി നേടിക്കൊടുത്തത്.'' രാധാകൃഷ്ണൻ ഓർക്കുന്നു. ഗോപാലൻ നായരുടെ മക്കൾ മൂന്നുപേരും – രാധാകൃഷ്ണൻ, ഡോ. ഓമനക്കുട്ടി, എം.ജി. ശ്രീകുമാർ – സംഗീതത്തിൽ എത്തിപ്പെട്ടത് യാദൃച്ഛികമല്ല തന്നെ.

ആലപ്പുഴ എസ്.ഡി. കോളേജിലെ പഠനത്തിനുശേഷം സ്വാതിതിരുനാൾ സംഗീത അക്കാദമിയിലേക്കായിരുന്നു രാധാകൃഷ്ണന്റെ യാത്ര. അക്കാദമിയിൽനിന്ന് പുറത്തിറങ്ങി ഏറെക്കഴിയും മുൻപ് രാധാകൃഷ്ണൻ തിരുവനന്തപുരം ആകാശവാണിയിൽ തംബുരു ആർട്ടിസ്റ്റായി ജോലിയിൽ പ്രവേശിക്കുന്നു. അച്ഛന്റെ പ്രേരണയും പ്രോത്സാഹനവും കൂടിയുണ്ടായിരുന്നു ആ തീരുമാനത്തിനു പിന്നിൽ. ''അച്ഛന്റെ സുഹൃത്തായിരുന്ന പ്രശസ്ത സംഗീതജ്ഞൻ ചേർത്തല ഗോപാലൻ നായരാണ് എന്റെ ആകാശവാണി പ്രവേശത്തിന് വഴിയൊരുക്കിയത് 1962ൽ.''

ആകാശവാണിയിൽ പുതിയൊരു ലോകമാണ് രാധാകൃഷ്ണനെ കാത്തിരുന്നത് – പ്രതിഭാധനരും പ്രശസ്തരുമായ കലാകാരന്മാരുടെ ഒരു നിര. തിരുനയിനാർ കുറിച്ചി, ഗംഗാധരൻ നായർ, കൈനിക്കര കുമാരപിള്ള, നാഗവള്ളി ആർ.എസ്. കുറുപ്പ്, ജഗതി എൻ.കെ. ആചാരി, കെ.ജി. ദേവകി അമ്മ, സി.എസ്. രാധാദേവി, ടി.പി. രാധാമണി, കെ.ജി. സേതുനാഥ്, എസ്. രാമൻകുട്ടിനായർ, പി.കെ. വീരരാഘവൻ നായർ തുടങ്ങി പ്രക്ഷേപണരംഗത്തെ പ്രഗല്ഭമതികളുടെ സ്നേഹവാത്സല്യങ്ങളും മാർഗനിർദേശങ്ങളും ഏറ്റുവാങ്ങി ജീവിച്ച ആ കാലം രോമാഞ്ചത്തോടെ മാത്രമേ രാധാകൃഷ്ണന് ഓർക്കാനാകൂ. ''ഇവരുടെയൊക്കെ സാമീപ്യംതന്നെ വലിയൊരു പ്രചോദനമായിരുന്നു.''

അക്കാദമിയിൽനിന്നു നേരെ ജോലിയിൽ പ്രവേശിച്ചതിനാലാകാം, ആലാപനത്തെക്കുറിച്ചും സംഗീതസംവിധാനത്തെക്കുറിച്ചുമൊക്കെ ചില മുൻവിധികൾ വെച്ചുപുലർത്തിയിരുന്നു രാധാകൃഷ്ണൻ. ''ഉദാഹരണത്തിന് കവിതാപാരായണം ക്ലാസിക്കൽ ശൈലിയിൽ വേണമെന്നായിരുന്നു എന്റെ ധാരണ. അതു തിരുത്തിയത് ആകാശവാണി ജീവിതമാണ്. അനവസരത്തിൽ ശാസ്ത്രീയസംഗിതജ്ഞാനം പ്രകടിപ്പിക്കുന്നത് അരോചകമാവുമെന്ന വിലപ്പെട്ട പാഠം അതെനിക്കു നല്കി. ഉച്ചാരണശുദ്ധിയിലും ആലാപനത്തിലെ ഭാവാംശത്തിലും കൂടുതൽ നിഷ്കർഷ ചെലുത്തിത്തുടങ്ങിയതും അതോടെയാണ്.''

പ്രശസ്തരായ കവികളുടെ രചനകളാണ് ▶

**Matrimonial**

Parents of Hyderabad settled Nair girl 23 / 5 feet 6 inches, Karthika, B.Tech (IT), employed as a Software Engineer, seeks alliance from well employed professionals preferably with PG (6 feet). Respond with bio-data & latest photo with horoscope.

**Box No. 311772**
**C/o Mathrubhumi, Kochi-17.**

അന്ന് ആലാപനത്തിന് തിരഞ്ഞെടുക്കുക. ''പി. കുഞ്ഞിരാമൻ നായരൊക്കെ ഓഫീസിൽ കയറിവരുന്ന ചിത്രം ഇന്നും ഓർമയിലുണ്ട്. എന്റെ മുന്നിലിരുന്നുതന്നെ ക്ഷണത്തിൽ അദ്ദേഹം കവിത എഴുതിത്തരും. പ്രതിഫലംവാങ്ങി സ്ഥലം വിടുകയും ചെയ്യും. പെട്ടെന്ന് എഴുതിത്തീർത്തതാണ് കവിതയെന്നു തോന്നുകയേയില്ല. അത്തരം പ്രതിഭാശാലികൾ ഇനിയുണ്ടാകുമോ? അറിയില്ല.''

ആദ്യമായി താൻ സംഗീതസംവിധാനം നിർവഹിച്ച ഗാനം കരമന കൃഷ്ണൻനായരാണ് ആലപിച്ചതെന്നാണ് രാധാകൃഷ്ണന്റെ ഓർമ. വർഷങ്ങൾക്കുശേഷം കൃഷ്ണൻനായരുടെ മകൾക്ക് സംഗീതലോകത്തേക്കുള്ള ചുവടുവെപ്പിനും രാധാകൃഷ്ണൻ നിമിത്തമായി എന്നറിയുക. കെ.എസ്. ചിത്ര എന്നായിരുന്നു ആ പെൺകുട്ടിയുടെ പേര്.

സംഗീതസംവിധാനത്തിന്റെ തിരക്കിനിടയിലും ഉള്ളിലെ ഗായകനെ ഉറങ്ങാൻ വിടരുതെന്ന് നിർബന്ധമുണ്ടായിരുന്നു രാധാകൃഷ്ണന്. ആ നിർബന്ധമാണ് എഴുപതുകളിൽ റേഡിയോയിലൂടെ ജനപ്രീതിയാർജിച്ച 'ഹിപ്പി ഹിപ്പി ഹിപ്പി പറന്നൊരായിരം ഹിപ്പി', 'നേരമില്ലാത്ത നേരത്തു വന്ന്' എന്നീ ലളിതഗാനങ്ങളുടെ പിറവിക്കു പിന്നിൽ. ''എന്റെ സ്നേഹപൂർവമായ നിർബന്ധത്തിനു വഴങ്ങിയാണ് കെ.ജി. സേതുനാഥ് ആ ഗാനങ്ങൾ എഴുതിത്തന്നത്. ജയവിജയ ഈണമിട്ട രണ്ടു പാട്ടും ചെന്നൈയിലെ എച്ച്.എം.വി. സ്റ്റുഡിയോയിൽ ആലേഖനം ചെയ്തു.'' ഏറെ വിറ്റുപോയ റെക്കോഡായിരുന്നു അത്.

സിനിമയിലും അതിനകം ഗായകനായി അരങ്ങേറ്റം കുറിച്ചുകഴിഞ്ഞിരുന്നു രാധാകൃഷ്ണൻ. 'കള്ളിച്ചെല്ലമ്മ'യിലെ കാലമെന്ന കാരണവർക്ക്, ഉണ്ണിഗണപതിയേ എന്നീ ഗാനങ്ങളിലൂടെ കെ. രാഘവനാണ് രാധാകൃഷ്ണനെ ഗായകനായി അവതരിപ്പിക്കുന്നത്. പിന്നീട് ഉത്തിഷ്ഠത ജാഗ്രത (ശരശയ്യ), പല്ലനയാറ്റിൻ തീരത്ത് (നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി) എന്നിങ്ങനെ കുറേ ഗാനങ്ങൾകൂടി. പാടിയ ഗാനങ്ങൾ എണ്ണത്തിൽ കുറവായിരുന്നെങ്കിലും അവ ഇന്നും നമ്മുടെ മനസ്സിൽ തങ്ങിനില്ക്കുന്നത് രാധാകൃഷ്ണന്റെ മുഴക്കമുള്ള, ഭാവഗാംഭീര്യമാർന്ന ശബ്ദംകൊണ്ടു കൂടിയാണ്.

സംഗീതസംവിധായകനായി സിനിമയിൽ അരങ്ങേറ്റം കുറിച്ചത് 'തമ്പ്' എന്ന ചിത്രത്തിലൂടെയായിരുന്നു; ആദ്യം പുറത്തുവന്നത് 'രണ്ടുജന്മ'വും. രണ്ടിന്റേയും ഗാനരചയിതാവ് കാവാലമായതും സ്വാഭാവികം. ലളിതഗാനങ്ങളിലൂടെ അതിനകം മികവു തെളിയിച്ചുകഴിഞ്ഞിരുന്നു ആ കൂട്ടുകെട്ട്.

''രാധാകൃഷ്ണനുമായി ആദ്യം ഒന്നിക്കുന്നത് ആകാശവാണിയുടെ ചില സംഗീതശില്പങ്ങൾക്കു വേണ്ടിയാണ്.'' കാവാലം ഓർക്കുന്നു. ''പൂതനയായിരുന്നു ഈ പരമ്പരയിലെ ആദ്യത്തേതെന്നാണ് ഓർമ. പിന്നീട് ധാരാളം ലളിതഗാനങ്ങൾ ഞങ്ങൾ ഒരുമിച്ചു സൃഷ്ടിച്ചു. എന്റെ രചനാശൈലിയോട് ഇണങ്ങിച്ചേരുന്ന സംഗീതസംവിധാന ശൈലിയാണ് രാധാകൃഷ്ണന്റേത്. മാത്രമല്ല, ഫോക്ക് സംഗീതത്തിലും മലയാള ഭാഷയിലും അദ്ദേഹത്തിനുള്ള അഗാധമായ പ്രാവീണ്യവും ഈ ഗാനങ്ങളുടെ മികവിനു പിന്നിലുണ്ട്.''

കേരളത്തിന്റെ തനതുസംഗീതവുമായുള്ള തന്റെ ആത്മബന്ധം പരിപോഷിപ്പിച്ചത് ആകാശവാണി ജീവിതകാലമാണെന്ന് രാധാകൃഷ്ണൻ പറയും. ''അന്ന് ആകാശവാണിയിൽ നാടൻപാട്ടുകൾ അവതരിപ്പിക്കാൻ എത്തിയിരുന്നത് യഥാർഥ ഫോക്ക് കലാകാരന്മാർ തന്നെയാണ്. ഇത്തരം പാട്ടുരീതികളുടെ താളവൈവിധ്യം അന്നേ എന്നെ ആകർഷിച്ചിരുന്നു. പിൽക്കാലത്ത് പല ഗാനങ്ങളും ഒരുക്കാൻ ഈ അറിവ് എന്നെ സഹായിച്ചിട്ടുണ്ട്.

## നാഥാ നീ വരും

ആകാശവാണിക്കുവേണ്ടി രാധാകൃഷ്ണൻ ചിട്ടപ്പെടുത്തിയ രണ്ടു ലളിതഗാനങ്ങളെങ്കിലും പിന്നീട് അതേ ഈണത്തിൽ ചലച്ചിത്രഗാനങ്ങളായി നമ്മെ തേടിയെത്തി. ജി. ശങ്കരക്കുറുപ്പ് മൊഴിമാറ്റം നടത്തിയ ടാഗോർ കവിത – 'നാഥാ നിൻ സിംഹാസനത്തിൽ ഭവാൻ ആരാലിറങ്ങിവന്നു' – ആയിരുന്നു അവയിലൊന്ന്. രാധാകൃഷ്ണന്റെ സംഗീതത്തിൽ സുശീലാദേവി പാടിയ ഈ ഗാനത്തിന്റെ ഈണം തന്റെ 'ചാമരം' എന്ന ചിത്രത്തിൽ ഉപയോഗിക്കണമെന്നത് സംവിധായകൻ ഭരതന്റെ നിർബന്ധമായിരുന്നു. ഒടുവിൽ അതേ ഈണത്തിൽ മറ്റൊരു ഗാനം പൂവച്ചൽ ഖാദർ രചിക്കുന്നു: 'നാഥാ നീവരും കാലൊച്ച കേൾക്കുവാൻ.'

മറ്റൊന്ന് കെ.ജി. സേതുനാഥ് എഴുതി രാധാകൃഷ്ണൻതന്നെ ഈണമിട്ടു പാടിയ പാട്ടാണ്. 'വാതുക്കലെത്തുന്ന നേരം ചിരിക്കുന്ന വാസന്തിപ്പൂവാണ് ഭാര്യ'. ഒരുകാലത്ത് സൂപ്പർ ഹിറ്റായിരുന്ന ഈ ലളിതഗാനം സംവിധായകൻ പ്രിയദർശന്റെ ആഗ്രഹപ്രകാരമാണ് 'രാക്കുയിലിൻ രാഗസദസ്സിൽ' എന്ന ചിത്രത്തിൽ ചേർത്തത്. ഈണം പഴയതുതന്നെയെങ്കിലും വരികളിൽ മാറ്റമുണ്ടായിരുന്നു. 'പൂമുഖവാതിൽക്കൽ സ്നേഹം വിടർത്തുന്ന പൂന്തിങ്കളാകുന്നു ഭാര്യ.' രമേശൻ നായരാണ് ഈ ഗാനം സിനിമയ്ക്കുവേണ്ടി രചിച്ചത്. റേഡിയോ ഗാനങ്ങളെപ്പോലെ അവയുടെ ചലച്ചിത്രഭാഷ്യങ്ങളും ഹിറ്റായി എന്നത് മറ്റൊരു കൗതുകം.

ഔദ്യോഗികവൃത്തിയുടെ ഭാഗമായി പാട്ടുകൾ സൃഷ്ടിക്കേണ്ടിവരുമ്പോൾ സ്വാഭാവികമായും ഭാവനയ്ക്ക് ചിറകുവിരിക്കാൻ പരിമിതികളുണ്ടാകും. ഡെഡ്‌ലൈൻ പലപ്പോഴും സംഗീത സംവിധായകന്റെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിട്ടേക്കാം. ''നിശ്ചിത സമയത്തിനുള്ളിൽ പാട്ടുണ്ടാക്കുക എന്നത് ജോലിയുടെ ഭാഗമാകുമ്പോൾ, ഭാവനയുടെ ലോകത്ത് വിഹരിക്കാനൊന്നും സമയം ലഭിച്ചെന്നിരിക്കില്ല. വ്യക്തിപരമായ വൈഷമ്യങ്ങൾ പോലും മറന്ന് സംഗീതസൃഷ്ടിയിൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടിവന്ന ഘട്ടങ്ങളുണ്ട്. ഒരനുഭവം ഓർമവരുന്നു. എന്റെ ഭാര്യ പത്മജ അസുഖം ബാധിച്ച് ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. എനിക്കാണെങ്കിൽ 24 മണിക്കൂറിനകം യേശുദാസ് പാടി റെക്കോഡ് ചെയ്യേണ്ട ഒരു ഗാനം കംപോസ് ചെയ്യേപ്പറ്റൂ. ഭാര്യയെ ആശുപത്രിയിൽ ചെന്നു കണ്ടു തിരികെ കാർ ഡ്രൈവ് ചെയ്തുവരുമ്പോൾ മനസ്സുനിറയെ വേവലാതിയായിരുന്നു – പത്മജയുടെ സ്ഥിതിയോർത്ത്. ആ മാനസികാവസ്ഥയിൽ, സ്റ്റിയറിങ്ങിൽ താളം പിടിച്ച് മനോഹരമായ ഒരു പ്രണയഗാനത്തിന്റെ പല്ലവി ചിട്ടപ്പെടുത്തുന്നത് ഒന്നോർത്തുനോക്കൂ. പക്ഷേ, വേറെ വഴിയൊന്നുമില്ലായിരുന്നു. അങ്ങനെ ചിട്ടപ്പെടുത്തിയതാണ് യേശുദാസ് പാടിയ 'പ്രാണസഖി നിൻ മടിയിൽ മയങ്ങും' എന്ന ലളിതഗാനം. ഇന്നും ആ പാട്ടുകേൾക്കുമ്പോൾ പത്മജയുടെ മുഖമാണ് ഓർമവരിക.''

'ഡെഡ്‌ലൈനി'നെ തികച്ചും ലാഘവത്തോടെ വെല്ലുവിളിച്ചു കീഴടക്കുന്ന രാധാകൃഷ്ണന്റെ ഈ ഇന്ദ്രജാലത്തിന് താനും സാക്ഷിയായിട്ടുണ്ടെന്ന് ഗായകൻ ജി. വേണുഗോപാൽ പറയുന്നു. ''ഇടതുകൈയിൽ നിവർത്തിപ്പിടിച്ചിരിക്കുന്ന കടലാസിൽ നോക്കി ഗാനത്തിന് ഈണമിടുകയും അതേസമയം വലതുകൈകൊണ്ട് കാറിന്റെ സ്റ്റിയറിങ് നിയന്ത്രിക്കുകയും ചെയ്യുന്ന രാധാകൃഷ്ണൻ ചേട്ടന്റെ ചിത്രം വിസ്മയത്തോടെയേ ഓർക്കാനാകൂ. കാറിൽ തൊട്ടടുത്തിരുന്ന് ഞാൻ ആ വരികൾ ഏറ്റുപാടും. 'രാമനില്ലാത്തൊരു കീർത്തനമേ' എന്ന ഗാനത്തിന്റെ പിറവി അങ്ങനെയാണ്. അവസാന നിമിഷം വരെ നീളുന്ന ഗാനസൃഷ്ടിയുടെ പിരിമുറുക്കം എല്ലാ സംഗീത സംവിധായകർക്കും അതിജീവിക്കാനായെന്നുവരില്ല. രാധാകൃഷ്ണൻ ചേട്ടന് അതു സാധിക്കുന്നത് സ്വന്തം പ്രതിഭയിലുള്ള അളവറ്റ ആത്മവിശ്വാസം കൊണ്ടുതന്നെയാകണം.''

ചലച്ചിത്രഗാനങ്ങൾക്ക് സമാന്തരമായി മറ്റൊരു ഗാനശാഖ സൃഷ്ടിക്കുകയും അതു ജനകീയമാക്കുകയും ചെയ്തിടത്താണ് എം.ജി. രാധാകൃഷ്ണന്റെ വിജയമെന്ന് വേണു പറയുന്നു. 1985 ലെ കേരള സർവകലാശാലയുടെ യുവജനോത്സവത്തിൽ വേണുവിന് ഒന്നാം സ്ഥാനം നേടിക്കൊടുത്തത് പി.കെ. ഗോപി എഴുതി രാധാകൃഷ്ണൻ ഈണം പകർന്ന ഒരു ഗാനമാണ്. 'ഹരിതവനത്തിന്റെ കുളിർ ഛായയിൽ.'

പിൽക്കാലത്ത് വേണുഗോപാലിന്റെ ശബ്ദം സിനിമയിൽ ആദ്യമായി ഉപയോഗിക്കുന്നതും രാധാകൃഷ്ണൻ തന്നെ. 'ഓടരുതമ്മാവാ ആളറിയാം' ആയിരുന്നു ചിത്രം. കെ.എസ്. ബീന, കെ.എസ്. ചിത്ര, അരുന്ധതി എന്നിവർക്കും സംഗീതജീവിതത്തിന്റെ തുടക്കത്തിൽ താങ്ങും തണലുമായത് രാധാകൃഷ്ണനാണ്. 'അട്ടഹാസം' എന്ന ചിത്രത്തിൽ രാധാകൃഷ്ണൻ ഈണമിട്ട ചെല്ലം ചെല്ലം എന്ന ഗാനമാണ് സിനിമയിൽ ചിത്രയുടെ ആദ്യ 'ബ്രെയ്ക്ക്'. അരുന്ധതിയെ പ്രശസ്തയാക്കിയ 'എത്രപൂക്കാലം' (രാക്കുയിലിൻ രാഗസദസ്സിൽ) എന്ന ഗാ

ത്തിൻെറ സംഗീത സംവിധായകനും രാധാകൃഷ്ണൻ തന്നെ. ആകാശവാണിയുടെ സംഗീതശില്പങ്ങളിലൂടെയും ബാലലോകത്തിലൂടെയും രംഗത്തുവന്നവരാണ് ഈ പാട്ടുകാരെല്ലാം.

## രചനയുടെ പങ്ക്

പ്രശസ്തരായ ഗാനരചയിതാക്കളുടെ മികച്ച രചനകൾക്ക് ഈണം പകരാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമായി രാധാകൃഷ്ണൻ കരുതുന്നു. പി. ഭാസ്കരനും ഒ.എൻ.വി.യും ബിച്ചുതിരുമലയും പൂവച്ചൽഖാദറും മഹാദേവൻ തമ്പിയും രമേശൻ നായരുമെല്ലാം ഉൾപ്പെടുന്നു അവരിൽ. അരുന്ധതിയുടെ സ്വരത്തിൽ പ്രശസ്തമായ 'മയങ്ങിപ്പോയി ഒന്നു മയങ്ങിപ്പോയി അപ്പോൾ മധുമാസചന്ദ്രൻ വന്നുമടങ്ങിപ്പോയി' എന്ന ഗാനമെഴുതിയത് ഭാസ്കരനാണ്. ബീന പാടിയ 'ഓടക്കുഴലേ' ഒ.എൻ.വി.യുടെ ഏറ്റവും മികച്ച ലളിതഗാനങ്ങളിൽ പെടുന്നു. ശരറാന്തൽ വെളിച്ചത്തിൽ, ശാരദേന്ദു മയൂഖമാലകൾ, അന്നത്തോണി പൂന്തോണി (ബിച്ചു), രാധാമാധവസങ്കല്പത്തിൽ, രാമായണക്കിളി ശാരികപ്പൈങ്കിളി (പൂവച്ചൽ), ബ്രഹ്മകമലദളയുഗങ്ങളിലുണരൂ (മഹാദേവൻ തമ്പി) തുടങ്ങിയ ഗാനങ്ങൾ ശ്രദ്ധിക്കപ്പെട്ടതിൽ ലളിതസുന്ദരമായ രചനയ്ക്കുമുണ്ട് നല്ലൊരു പങ്ക്.

'ആകാശത്താരകൾ കണ്ണുകൾ ചിമ്മി' എന്ന ഗാനമെഴുതിയത് രാധാകൃഷ്ണൻെറ ഭാര്യ പത്മജ തന്നെ. ഒരു പ്രണയകഥയുണ്ട് ഈ ലളിതഗാനത്തിനു പിന്നിൽ. രാധാകൃഷ്ണൻെറ ശാസ്ത്രീയസംഗീത കച്ചേരിയും ഗാനങ്ങളും കേട്ട് അദ്ദേഹത്തിൻെറ ആരാധികയായിത്തീർന്ന പത്മജ പേരുവെക്കാതെ ആകാശവാണിയിലേക്ക് അയച്ചുകൊടുത്ത കവിതയായിരുന്നു 'ആകാശത്താമര'. ''ഒരു കൗമാരചാപല്യം. അത്രതന്നെ. ദിവസങ്ങൾക്കു ശേഷം തികച്ചും അപ്രതീക്ഷിതമായി വിജയലക്ഷ്മി എന്ന ഗായികയുടെ സ്വരത്തിൽ ആ ഗാനം റേഡിയോയിൽ പ്രക്ഷേപണം ചെയ്തുകേട്ടപ്പോൾ ഉണ്ടായ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. രാധാകൃഷ്ണൻ ചേട്ടനാണ് ആ ഗാനം ചിട്ടപ്പെടുത്തിയതെന്ന് പിന്നീടറിഞ്ഞു. അച്ഛനുമമ്മയും കേൾക്കാതിരിക്കാൻ റേഡിയോ പതുക്കെവെച്ച് അരുതാത്തതെന്തോ ചെയ്തുപോയമട്ടിൽ ആ പാട്ടുകേട്ട നിമിഷങ്ങൾ മൂന്നുപതിറ്റാണ്ടിനുശേഷം ഇന്ന് ഓർക്കുമ്പോൾ ചിരിവരും.'' പത്മജയുടെ തന്നെ ഹേമന്തരജനിയിൽ, ഒരു മാത്ര തുടങ്ങി വേറെയും ഗാനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട് രാധാകൃഷ്ണൻ.

രസകരമായ ഒരു ടീം വർക്കായിരുന്നു ആകാശവാണിയിലേത്- രാധാകൃഷ്ണൻെറ സഹപ്രവർത്തകനായിരുന്ന പ്രശസ്ത ഗായകനും സംഗീത സംവിധായകനുമായ കെ.പി. ഉദയഭാനു ഓർക്കുന്നു. ''ഞാനും രാധാകൃഷ്ണനും പെരുമ്പാവൂർ ജി. രവീന്ദ്രനാഥും അന്നവിടെ സംഗീത സംവിധായകരായുണ്ട്. വ്യത്യസ്ത ശൈലികളായിരുന്നു ഞങ്ങളുടെത്. മത്സരബുദ്ധിക്കെല്ലാം അപ്പുറത്തുള്ള ഒരു സവിശേഷമായ സംഗീത സൗ



▲ സുജാതയ്ക്കൊപ്പം

**ഒരു തലമുറയുടെ കൗമാരസങ്കല്പങ്ങളുടെ ഭാഗമായിരുന്ന ആ ഗാനം ആകാശവാണിക്കുവേണ്ടി എറണാകുളത്ത് ക്ഷണിക്കപ്പെട്ട സദസ്സിനു മുൻപാകെ അവതരിപ്പിക്കുമ്പോൾ ഗായിക സുജാതയ്ക്ക് (അന്ന് ബേബി സുജാത) പ്രായം വെറും പതിനൊന്നു വയസ്സ്. വിടർന്ന കണ്ണുകളിൽ തെല്ലൊരു അമ്പരപ്പുമായി മൈക്കിലേക്ക് ഏന്തിവലിഞ്ഞുപാടിയ ഫ്രോക്കുകാരി പെൺകുട്ടിയുടെ മങ്ങിയ ചിത്രം സുജാതയുടെ ഓർമകളിൽ ഇന്നുമുണ്ട്. "എൻെറ സംഗീത ജീവിതത്തിലെ ആദ്യത്തെ സൂപ്പർഹിറ്റ് ഗാനമായിരുന്നല്ലോ അത്. എങ്ങനെ മറക്കാനാവും?'' സുജാത ചിരിക്കുന്നു.**

ഹൃദം ഞങ്ങൾ എന്നും കാത്തു സൂക്ഷിച്ചിരുന്നു.'' രാധാകൃഷ്ണൻെറ ഈണത്തിൽ പാടുകയും രാധാകൃഷ്ണനുവേണ്ടി ഈണമൊരുക്കുകയും ചെയ്തിട്ടുണ്ട് ഉദയഭാനു.

## വെറുമൊരു മോഷ്ടാവായോരെന്നെ

കവിതകൾ അന്നുമിന്നും രാധാകൃഷ്ണൻെറ ദൗർബല്യമാണ്. സാഹിത്യത്തിലുള്ള താത്പര്യമാണ് പല പ്രശസ്തമായ കവിതകൾക്കും സംഗീതാവിഷ്കാരം നൽകാൻ അദ്ദേഹത്തിനു പ്രേരണയായത്. അയ്യപ്പപ്പണിക്കരുടെ 'വെറുമൊരു മോഷ്ടാവായോരെന്നെ' എന്ന കവിതയ്ക്ക് രാധാകൃഷ്ണൻ നൽകിയ സംഗീതഭാഷ്യം ഏറെ ചർച്ചചെയ്യപ്പെട്ടു. തിരുവനന്തപുരത്ത് സെനറ്റ്ഹാളിൽ ക്ഷണിക്കപ്പെട്ട സദസ്സിനു മുൻപാകെ ഈ കവിത പാടി അവതരിപ്പിച്ച സംഘത്തിൽ രാധാകൃഷ്ണനും നെടുമുടി വേണുവും വേണുനാഗവള്ളിയും എസ്.എ. സ്വാമിയുമെല്ലാം ഉണ്ടായിരുന്നു.

മ്യൂസിക് കംപോസറായി ആകാശവാണിയിൽ നിന്നു വിരമിച്ച ശേഷവും കവിതയുമായുള്ള ഈ ആത്മബന്ധം കൈവിട്ടിട്ടില്ല രാധാകൃഷ്ണൻ. ശാരീരികാസ്വാസ്ഥ്യങ്ങൾ പോലും വകവെക്കാതെ സമീപകാലത്താണ് മാധവിക്കുട്ടിയുടെ കുറെ പുതുകവിതകൾക്ക് അദ്ദേഹം സംഗീതം പകർന്നത്. ''മിക്കവയും താളമില്ലാത്ത കവിതകളായിരുന്നു. വ്യത്യസ്തമായ രീതിയിൽ പെർക്കഷൻ സെറ്റ് ചെയ്താണ് അവയ്ക്ക് ഈണം നൽകിയത്. എനിക്ക് വളരെയേറെ ആത്മസംതൃപ്തി നൽകിയ വർക്കാണത്. കവിതകളിലെല്ലാം മാധവിക്കുട്ടിയുടെ ആത്മാംശമുണ്ട്. അതുകൊണ്ടുകൂടിയാവാം അവ പാടിക്കേട്ടപ്പോൾ അവർ വികാരാധീനയായി.'' അരുന്ധതി മനോഹരമായി പാടിയ ഈ കവിതകൾ മലയാളികളെ കേൾപ്പിക്കണമെന്നുണ്ട് രാധാകൃഷ്ണന്. നിർഭാഗ്യവശാൽ കവിതകൾ പുറത്തിറക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് കാസറ്റ് കമ്പനികളൊന്നും മുന്നോട്ടുവന്നിട്ടില്ല. ഗൗരവപൂർണമായ സംഗീതം വിപണനം ചെയ്യുന്നവർ കുറഞ്ഞുവരികയാണല്ലോ, നമ്മുടെ നാട്ടിൽ.

ഇത് ലളിതസംഗീതത്തിലെ രാധാകൃഷ്ണവസന്തത്തിൻെറ കഥ. ചലച്ചിത്രരംഗത്തെ രാധാകൃഷ്ണൻെറ സംഭാവനകൾ വിലയിരുത്താൻ ഇനിയും ലേഖനങ്ങൾ തന്നെ വേണ്ടിവന്നേക്കാം. ഓർമകൾ ഓർമകൾ, സൂര്യകിരീടം വീണുടഞ്ഞു, അനുരാഗസുധയാൽ മൗനമേ, പഴം തമിഴ് പാട്ടിഴയും, പലവട്ടം പൂക്കാലം, എന്തമ്മേ ചുണ്ടത്ത്, ഒരു ദലം മാത്രം, അമ്പലപ്പുഴ ഉണ്ണിക്കണ്ണനോട് നീ, മഴവിൽ കൊതുമ്പിലേറി, അല്ലിമലർകാവിൽ, നിലാവിൻെറ നീലഭസ്മക്കുറിയണിഞ്ഞവളേ, തിരനുരയും .... അങ്ങനെ എത്രയെത്ര സുന്ദരഗാനങ്ങൾ.

ഓർമവരുന്നത് ജി. വേണുഗോപാലിൻെറ വാക്കുകളാണ്. ''മലയാളിക്ക് സംഗീതത്തിൻെറ ലളിതമധുരമായി ഒരു ലോകം തുറന്നിട്ടുകൊടുക്കുകയായിരുന്നു എം.ജി. രാധാകൃഷ്ണൻ. കാലത്തിനൊപ്പം തുഴഞ്ഞു പോകുകയല്ല ഈ പ്രഗല്ഭനായ സംഗീത സംവിധായകൻ ചെയ്തത്. പകരം പ്രതിഭാവിലാസത്താൽ സ്വയം ഒരു കാലം തന്നെ സൃഷ്ടിച്ചു അദ്ദേഹം. ആ കാലം മലയാളത്തിലെ ജനപ്രിയ സംഗീതത്തിലെ ഏറ്റവും ഹൃദ്യമായ കാലംകൂടിയായിരുന്നു. ■

musicravi@yahoo.com